മുഹമ്മദ് ശമീം

# മതം യുക്തിവാദം

## ഒരു സംവാദം

**ഭൗതികവാദവും** നാസ്തികചിന്തയും യുക്തിവാദവും മതങ്ങളുടെനേരെ ഉന്നയിക്കുന്ന ചില പ്രധാനപ്പെട്ട വിമർശനങ്ങൾ ഈയിടെ ഒരു പ്രഭാഷണ ലേഖനത്തിൽ വായിക്കാൻ കഴിഞ്ഞു. 2007 ജനുവരി 10-ന് വിജയവാഡയിൽ നടന്ന ആറാമത് ലോക നാസ്തിക സമ്മേളനത്തിൽ, ഇന്ത്യാ ഗവൺമെന്റിന്റെ വിജ്ഞാന കമീഷൻ ഉപാധ്യക്ഷനായിരുന്ന ഡോ. പി.എം ഭാർഗവ നടത്തിയ മുഖ്യ പ്രഭാഷണമായിരുന്നു അത്. 2008 മാർച്ചിലെ *യുക്തിരേഖ* മാസികയിൽ ആ പ്രഭാഷണം പ്രസിദ്ധീകരിച്ചിട്ടുണ്ട്.

തന്നെ നിരീശ്വരവാദിയായിരിക്കാൻ നിർബന്ധിതനാക്കുന്ന പത്ത് കാര്യങ്ങൾ ഡോ. പി.എം ഭാർഗവ അക്കമിട്ടു പറയുന്നുണ്ട്. ആ കാര്യങ്ങളെ, പ്രധാന ആശയങ്ങൾ വിട്ടുപോകാതെ സംഗ്രഹിച്ച് ചോദ്യരൂപത്തിലാക്കി, മത- യുക്തിവാദ സംവാദമെന്ന നിലയിൽ അവക്ക് ഉത്തരം കണ്ടെത്താൻ ശ്രമിക്കുകയാണ് ഈ ലേഖനത്തിൽ.

### പ്രപഞ്ചത്തിന്റെ ഉൽപത്തി

*(ഒന്ന്) നമ്മുടെ പരിണാമ പ്രക്രിയയിൽ യഥാർഥത്തിൽ ദൈവത്തിനെന്തു പങ്കാണുള്ളത്? മഹാ വിസ്ഫോടനത്തോടെ ആവിർഭവിച്ചതാണ് പ്രപഞ്ചം. വിസ്ഫോടനത്തെപ്പറ്റി കൃത്യമായറിയാൻ മാർഗമില്ലെങ്കിലും തൊട്ടടുത്ത നിമിഷം ഭൗതിക ശാസ്ത്ര നിയമങ്ങൾ നിലവിൽ വരികയും മൂലകങ്ങളുണ്ടാവുകയും ചെയ്തു. സൂക്ഷ്മ-സ്ഥൂല പരിണാമങ്ങളുണ്ടായി. നമ്മുടെ ഗ്രഹം തണുത്തപ്പോഴുണ്ടായ രാസപ്രവർത്തനത്തിന്റെയും പരിണാമത്തിന്റെയും ഫലമായി ഇവിടെ ജീവനുണ്ടായി.*

= ബൃഹദ് സ്ഫോടനത്തോടെ (Big Bang) പ്രപഞ്ചം ആവിർഭവിച്ചുവെന്നാണ് ഡോക്ടർ പറയുന്നത്. പ്രപഞ്ചത്തിന്റെ 'ആവിർഭാവ'ത്തിൽ അദ്ദേഹം വിശ്വസിക്കുന്നു. ഈ കാഴ്ചപ്പാട് സത്യത്തിൽ ഭൗതികമായ ഏതു കാര്യകാരണ സങ്കൽപങ്ങൾക്കുമതീതമല്ലേ? കാര്യകാരണ ബന്ധങ്ങളുടെ ശൃംഖല ഇവിടെ തട്ടിനിൽക്കുന്നുവെന്നത് തന്നെയാണ് ഹേതുവാദത്തിന്റെ (യുക്തിവാദം) പരിമിതിയും. ഭൗതികവാദ വീക്ഷണത്തിൽ കാലം പദാർഥവുമായി ബന്ധപ്പെട്ടതാണ്. ആകയാൽ പ്രപഞ്ചത്തിന്റെ ഉൽപത്തി എന്നാണ് എന്ന ചോദ്യമേ പാടില്ല.

ഇവിടെ അടിസ്ഥാനപരമായി പദാർഥം അനാദിയും അനന്തവുമാണെന്നു വരുന്നു. അതിന് രൂപഭേദമുണ്ടാവുക മാത്രമാണ് ചെയ്യുന്നത്. അങ്ങനെ അനേകം പൊട്ടിത്തെറികളുണ്ടായി. മഹാ വിസ്ഫോടന പരമ്പര.

പ്രപഞ്ചത്തിന്റെ ഉൽപത്തിയെയും ആദികാരണത്തെയും കുറിച്ച് കേവല ഭൗതികവാദപരവും മറിച്ചുള്ളതുമായ ചിന്തകൾ പണ്ടുമുതൽക്കേയുണ്ടായിട്ടുണ്ട്. കേവല ഹേതുവാദമെന്ന ഒന്ന് യഥാർഥത്തിൽ അപ്രായോഗികമാണെന്നതാണ് സത്യം. കാരണാധിഷ്ഠിതമായി മാത്രമേ എന്തും നിലനിൽക്കുകയുള്ളൂ എന്ന ഹേതുവാദമാണ് ഒരാൾ അംഗീകരിക്കുന്നതെങ്കിൽ ആദികാരണം എന്ന സങ്കൽപം പോലും യുക്തിരഹിതമാണെന്നു വരും. എന്നാൽ ഉത്ഭവത്തിനൊരു കാരണം വേണംതാനും. ഈ വൈരുധ്യം പരിഹരിക്കുന്നതിനാണ് ആദികാരണം എന്ന ആശയത്തെ നിരാകരിച്ച് കാരണങ്ങളുടെ അനന്തപരമ്പരയെ രൂപപ്പെടുത്തിയത്. അങ്ങനെ കേവല പദാർഥം അനാദിയും അനന്തവുമായിത്തീർന്നു.

അപ്രമാദമായി എന്തെങ്കിലുമൊന്ന് അംഗീകരിച്ചേ പറ്റൂ. ഡോക്ടർ സൂചിപ്പിച്ച വിധം, പ്രപഞ്ചം കാരണം കൂടാതെ ആവിർഭവിച്ചു എന്നേടത്ത് ശൂന്യതയിൽനിന്നുണ്ടാകുന്നുവെന്ന 'അയുക്തിക' സങ്കൽപമുണ്ട്. എന്നാൽ എന്നും നിലനിൽക്കുന്നത് എന്നതിലാകട്ടെ, പദാർഥം അപ്രമാദവും ആദ്യന്തരഹിതവുമാണെന്നും വരുന്നു. ഇവിടെ രണ്ടു ചോദ്യങ്ങൾ- ഒന്ന്, എന്തിനെങ്കിലും അപ്രമാദിത്വവും അനാദ്യന്ത ഗുണവും നൽകുന്നേടത്ത് യഥാർഥ സംതൃപ്തിയടയാൻ ഹേതുവാദപരമായ അന്വേഷണത്തിനാവുമോ? രണ്ട്, അങ്ങനെയെങ്കിൽ ഇപ്പറഞ്ഞ ഗുണങ്ങളോടുകൂടിയ ഒരു അഭൗതിക ശക്തിയെ (ഈ ഗുണങ്ങൾ തന്നെ അഭൗതികമാകയാൽ) മതം പരിചയപ്പെടുത്തുന്നേടത്ത് ജ്ഞാനവിരുദ്ധമോ യുക്തിരഹിതമോ ആയി എന്താണുള്ളത്?

ബൃഹദ് സ്ഫോടനത്തിനു തൊട്ടടുത്ത മാത്രയിൽ ഭൗതിക ശാസ്ത്രനിയമങ്ങളും മൂലകങ്ങളുമുണ്ടായെന്ന് ഡോക്ടർ പറയുന്നു. ഇവിടെയും 'ഉണ്ടായി' എന്നു പറയേണ്ടിവരികയാണ്. സകല കാര്യകാരണബന്ധങ്ങളെയും നിലനിർത്തുന്ന ഭൗതിക നിയമങ്ങൾ സ്വയം കാരണങ്ങളില്ലാത്തതാവുക! ശൂന്യതയിൽ നിന്നുണ്ടായിത്തീർന്ന ജഡപ്രപഞ്ചം യാതൊരു വൈരുധ്യവുമില്ലാത്ത നിയമങ്ങൾ സ്വയമാവിഷ്കരിക്കുകയും അതിൽ വികസിക്കുകയും നിലനിൽക്കുകയും ചെയ്തുവെന്നോ?

മനുഷ്യന്റെ ഭാവനയുടെയോ ചിന്തയുടെയോ പരിധിയിൽ ഒതുങ്ങാത്തത്രയും മഹത്തരമായ സർഗാത്മകതയുള്ള ഒന്നിന്റെ അന്യൂനമായ ആവിഷ്കാരമാണ് പ്രപഞ്ചം എന്ന് മതം പറയുന്നത്, ഇത്തരം വിചിത്ര വാദങ്ങളേക്കാൾ യുക്തിഹീനമാകുന്നതെങ്ങനെ? കൃത്യമായ സാഹചര്യങ്ങളുടെ പിൻബലത്തി

**ഏകദൈവത്വത്തിലധിഷ്ഠിതമായ ദർശനം ബഹുദൈവത്വത്തിലേക്കു വഴിതെറ്റിയതിനെക്കുറിച്ച് ചിന്തിച്ചാലും ശരി, ചില ഭൗതിക ചരിത്രകാരന്മാർ കരുതുംപോലെ ബഹുത്വ സങ്കൽപത്തിൽനിന്ന് വിശ്വാസമാരംഭിച്ചുവെന്നു ചിന്തിച്ചാലും ശരി ഇതിനൊന്നും കാരണം ഭയമാണെന്ന് തെളിയിക്കപ്പെട്ടിട്ടില്ല. അനേകേശ്വരവാദവും അമിതമായ അനുഷ്ഠാന മാമൂലുകളിലധിഷ്ഠിതമായ മതജീവിതവും അന്ധവിശ്വാസങ്ങളുൾപ്പെടെ മതപരമായ വ്യതിചലനങ്ങളുമെല്ലാം സ്ഥാപിത പൗരോഹിത്യം സൃഷ്ടിച്ചെടുത്തതാണെന്നാണ് പ്രവാചകന്മാരും ഖുർആനും ബൈബിളുമെല്ലാം പഠിപ്പിക്കുന്നത്.**

ലാണ് പ്രപഞ്ചത്തിന്റെയും ജീവന്റെയും വികാസം (ഡോക്ടറുടെ ഭാഷയിൽ പരിണാമം) സംഭവിച്ചതെന്ന് ഡോക്ടർ പറയുന്നു. പ്രപഞ്ച വികാസത്തിന്റെ ഓരോ ഘട്ടത്തിനും നിമിത്തമായിത്തീരുന്ന പ്രത്യേക സാഹചര്യമെന്നതും കാര്യകാരണബന്ധങ്ങളുടെ ഭാഗമാണ്. ഈ ബന്ധങ്ങളുടെയും ആവിഷ്കർത്താവത്രെ ഈശ്വരൻ.

ഡോക്ടർ പറയുന്ന ബൃഹദ് സ്ഫോടന സിദ്ധാന്തത്തിന്റെ കാര്യത്തിൽ ശാസ്ത്രജ്ഞന്മാർ ഏകാഭിപ്രായക്കാരല്ലെന്നതും ശ്രദ്ധേയമാണ്. ഫ്രെഡ് ഹോയിലിന്റെ Steady state Theory, ഇന്ത്യക്കാരനായ ജയന്ത് നാർലികറിന്റെ Quasi Steady State Theory തുടങ്ങിയവ അതിനെതിരെയുള്ള സിദ്ധാന്തങ്ങളാണ്. ആ നിലക്ക് Big Bang Theory യെ മാത്രം വെച്ചുകൊണ്ട് വളരെ കണിശമായ തീർപ്പിലെത്താൻ കഴിയുമോ എന്ന് ചിന്തിക്കണം.

## പ്രപഞ്ച നിയമങ്ങൾ

*(രണ്ട്) ഇനി അഥവാ, ബൃഹദ് സ്ഫോടനമുണ്ടാക്കിയത് ദൈവമാണെന്നു സങ്കൽപിച്ചാൽതന്നെയും ശേഷം ദൈവം മരിച്ചുപോവുകയോ അവന്റെ നിയന്ത്രണം നഷ്ടപ്പെടുകയോ ചെയ്തിരിക്കില്ലേ? കാരണം, തുടർന്നുള്ള സംഭവങ്ങളെല്ലാം ദൈവവിധിയനുസരിച്ചല്ല, ശാസ്ത്ര നിയമങ്ങളനുസരിച്ചത്രെ നടന്നിട്ടുള്ളത്. ശാസ്ത്രത്തിന്റെ നിയമങ്ങൾ മാത്രമാണ് നമ്മുടെ പ്രപഞ്ചത്തെ നിയന്ത്രിക്കുന്നത്.*

= പ്രാപഞ്ചിക നിയമങ്ങളെയും പ്രതിഭാസങ്ങളെയും കുറിച്ചുള്ള അന്വേഷണമാണ് ശാസ്ത്രത്തിന്റെ ഉള്ളടക്കം. ശാസ്ത്രവിജ്ഞാനമെന്നാൽ, മനുഷ്യൻ കണ്ടെത്തിയിട്ടുള്ള നിയമങ്ങളും നിഗമനങ്ങളും സാധ്യതകളും സിദ്ധാന്തങ്ങളുമെല്ലാം ഉൾപ്പെടുന്നതാണ്. അനുഭവസിദ്ധാന്ത (Empericism)ത്തിന്റെ അടിസ്ഥാനത്തിൽ, ഇന്ദ്രിയാനുഭവത്തിലൂടെ വിജ്ഞാനം നേടുന്ന പ്രക്രിയയിലാണ് ശാസ്ത്ര വിജ്ഞാനം ആരംഭിക്കുന്നതെങ്കിലും ഇങ്ങനെ നേടുന്ന അറിവുകളെ സാമാന്യവത്കരിച്ച് ചെന്നെത്തുന്ന പ്രാരംഭ നിഗമനങ്ങൾ (Hypothesis), ശാസ്ത്രീയം എന്ന് നമ്മുടെ അംഗീകാരത്തോടെ നിലനിൽക്കുന്ന മാനദണ്ഡ പ്രകാരം മെച്ചപ്പെടുത്തിയെടുക്കുന്ന ഹൈപോതീസീസുകളായ ശാസ്ത്ര സിദ്ധാന്തങ്ങൾ എന്നിവയെല്ലാമടങ്ങിയതാണ് ശാസ്ത്ര വിജ്ഞാനം. ശാസ്ത്ര സിദ്ധാന്തങ്ങൾ തിരുത്തപ്പെടാറുണ്ട്. അതങ്ങനെത്തന്നെയാവുകയും വേണം. ആകയാൽ ശാസ്ത്ര നിയമങ്ങളനുസരിച്ച് പ്രപഞ്ചം നിലനിൽക്കുന്നുവെന്നതല്ല, പ്രാപഞ്ചിക നിയമങ്ങളെക്കുറിച്ച അന്വേഷണത്തിലൂടെ ശാസ്ത്രം വികസിക്കുന്നുവെന്നതാണ് ശരി.

വികസ്വരമായ ഈ പ്രപഞ്ചത്തെ തന്റെ സർഗാത്മകതയുടെ ആവിഷ്കാരം തന്നെയായ നിയമങ്ങളിൽ നിലനിർത്തുകയും വളർത്തുകയും ചെയ്യുന്നവനായാണ് ഈശ്വരനെ മതം പരിചയപ്പെടുത്തുന്നത്. എന്നുവെച്ചാൽ, പ്രപഞ്ചത്തിന്റെ ഉത്ഭവത്തോടു കൂടി മരിച്ചു പോവുകയോ നിയന്ത്രണം നഷ്ടപ്പെട്ട് നിസ്സഹായനാവുകയോ ചെയ്തവനല്ല ഈശ്വരനെന്നർഥം.

## ഭയവും വിശ്വാസവും

*(മൂന്ന്) അറിയപ്പെടാത്തതിനെക്കുറിച്ച മനുഷ്യന്റെ ഭയമല്ലേ ഈശ്വരനെ സൃഷ്ടിച്ചത്? ഇപ്പോൾ അറിവിന്റെ വികാസത്തിനൊപ്പം ഈശ്വരനിൽ വിശ്വസിക്കാനുള്ള കാരണങ്ങൾ കുറഞ്ഞുവരുന്നു. ജീവനുൾപ്പെടെ പല പ്രതിഭാസങ്ങളും ഇന്ന് വിശദീകരിക്കപ്പെട്ടു കഴിഞ്ഞു. ഇനിയുള്ള ചോദ്യങ്ങൾക്കും ഭാവിയിൽ ഉത്തരം കണ്ടെത്തുന്നതോടെ വിശ്വാസം അപ്രസക്തമാകില്ലേ?*

= ഒന്നാമതായി, ഇന്ന് ജീവനുൾപ്പെടെ പ്രകൃതി പ്രതിഭാസങ്ങളെയെല്ലാം വിശദീകരിക്കാൻ കഴിയുന്ന ഒരവസ്ഥയിൽ മനുഷ്യനെത്തിച്ചേർന്നുവെന്നോ ഭാവിയിൽ എത്തിച്ചേരുമെന്നോ ഉള്ളത് ഒരു അതിവാദമാണ്. പൂർണമായും പ്രപഞ്ചത്തെ വിശദീകരിച്ചുകഴിഞ്ഞാൽ പിന്നെ മനുഷ്യന്റെ ശാസ്ത്രജ്ഞാനത്തിന് വികാസമുണ്ടാകാതെ വരും. ഭൗതിക പ്രപഞ്ചത്തെപ്പോലെതന്നെ അതേക്കുറിച്ചുള്ള മനുഷ്യന്റെ ജ്ഞാനവും അത് നിലനിൽക്കുന്നേടത്തോളം കാലം വികസ്വരം തന്നെയാണ്.

രണ്ടാമതായി, ഭയത്തിൽനിന്നാണ് ഈശ്വര വിശ്വാസമുണ്ടായതെന്ന വാദത്തിന് വല്ല ചരിത്ര പിൻബലവുമുണ്ടോ? മനുഷ്യന്റെ വേദസാഹിത്യങ്ങളെല്ലാം അതിന്റെ ആദിമ പരിശുദ്ധിയിൽ പ്രപഞ്ചത്തിന്റെയും മനുഷ്യന്റെയും പരിപാലകനായ ഏകദൈവത്തെയാണ് പരിചയപ്പെടുത്തുന്നതെന്നു കാണാം. മനുഷ്യൻ അവന്റെ വ്യക്തിഗതവും സാമൂഹികവും ആത്മീയവും ഭൗതികവും ലൗകികവും പാരത്രികവുമൊക്കെയായ അഭിവൃദ്ധിക്കും വിജയത്തിനുമാധാരമാകുന്ന മൂല്യങ്ങളും, ആ മൂല്യങ്ങൾക്കൊത്ത ജീവിതനിയമങ്ങളും ഏകദൈവത്തിൽ നിന്നുൾക്കൊള്ളണമെന്ന പാഠമാണ് അവയിലുള്ളത്. ഏകദൈവത്വത്തിലധിഷ്ഠിതമായ ദർശനം ബഹുദൈവത്വത്തിലേക്കു വഴിതെറ്റിയതിനെക്കുറിച്ച് ചിന്തിച്ചാലും ശരി, ചില ഭൗതിക ചരിത്രകാരന്മാർ കരുതുംപോലെ ബഹുത്വ സങ്കൽപത്തിൽനിന്ന് വിശ്വാസമാരംഭിച്ചുവെന്നു ചിന്തിച്ചാലും ശരി ഇതിനൊന്നും കാരണം ഭയമാണെന്ന് തെളിയിക്കപ്പെട്ടിട്ടില്ല. അനേകേശ്വരവാദവും അമിതമായ അനുഷ്ഠാന മാമൂലുകളിലധിഷ്ഠിതമായ മതജീവിതവും അന്ധവിശ്വാസങ്ങളുൾപ്പെടെ മതപരമായ വ്യതിചലനങ്ങളുമെല്ലാം സ്ഥാപിത പൗരോഹിത്യം സൃഷ്ടിച്ചെടുത്തതാണെന്നാണ് പ്രവാചകന്മാരും ഖുർആനും ബൈബിളുമെല്ലാം പഠിപ്പിക്കുന്നത്. ഇതിൽ ഭയം ഒരു ഘടകമായിത്തീർന്നിട്ടുണ്ടാവാം. എന്നാൽ, അതും ഭയപ്പെടൽ എന്നതിലുപരി ഭയപ്പെടുത്തൽ എന്ന നിലക്കാണ്. ദൈവവിശ്വാസ ഉൽപത്തിയുടെ കാരണങ്ങളായി ഭൗതിക ചരിത്രകാരന്മാർ ആത്മവാദം (Animism), മന്ത്രവാദം (Magic), പിതൃപൂജ (Manism/Ancestral worship), കുലചിഹ്നോപാസന (Totemism), ആത്മീയ പ്രതീക സങ്കൽപനം (Fetishism) തുടങ്ങി ഒട്ടേറെ സിദ്ധാന്തങ്ങളുന്നയിക്കുന്നുണ്ടെങ്കിലും ഭയത്തെക്കുറിച്ചുള്ള യാതൊരു വാദവും മുന്നോട്ടുവെക്കപ്പെട്ടതായി അറിയുന്നില്ല. ഇത്തരം കാരണങ്ങളാവട്ടെ, മതവ്യതിയാനങ്ങൾക്കു പിന്നിൽ പ്രവർത്തിച്ചിരിക്കാ

നുള്ള സാധ്യതകളെ നാം നിരാകരിക്കുന്നുമില്ല.

### മനുഷ്യന്റെ സവിശേഷതകൾ

*(നാല്) ഈശ്വര വിശ്വാസത്തിന്റെ മറ്റൊരാധാരം മനുഷ്യന് മറ്റു ജീവികളിൽനിന്ന് എന്തോ പ്രത്യേകതയുണ്ടെന്ന വിചാരമാണ്. അങ്ങനെ എന്തു പ്രത്യേകതയാണ് മനുഷ്യനുള്ളത്? ഏറ്റവും താഴെക്കിടയിലുള്ള ബാക്ടീരിയയും മനുഷ്യനും തമ്മിൽ അടിസ്ഥാന രാസഘടനയിലും രാസപ്രവർത്തനങ്ങളിലും ഒരു വ്യത്യാസവുമില്ലല്ലോ? ശാസ്ത്രീയമായ വിശകലനത്തിൽ മനുഷ്യനെ സവിശേഷ ജീവിയായി പരിഗണിക്കേണ്ട യാതൊരു ആവശ്യവുമില്ല.*

= മറ്റു ജൈവ, അജൈവ വസ്തുക്കളിൽനിന്നെല്ലാം വ്യത്യസ്തമായി മനുഷ്യന്റെ സവിശേഷത -യഥാർഥ മനുഷ്യത- മതം ഉദ്ഘോഷിക്കുന്നുണ്ടെന്ന് ഡോക്ടർക്ക് തിരിച്ചറിവുണ്ട്. ഈ മനുഷ്യത കൊണ്ട് മതം യഥാർഥത്തിൽ ഉദ്ബോധിപ്പിക്കുന്നത്, മനുഷ്യന്റെ ഉത്തരവാദിത്വ നിർവഹണത്തെയാണ്. പ്രകൃതിയെ കീഴടക്കാനും അറിവിനെ ചൂഷണോപാധിയാക്കാനുമുള്ള ഉപദേശം മതം തരുന്നില്ല. ഭൗതികവാദാധിഷ്ഠിതമായ ശാസ്ത്ര ചിന്തകളിലാകട്ടെ, ഇത്തരം ആഹ്വാനങ്ങൾ കണ്ടെത്താൻ കഴിയും താനും.

ഏറ്റവും താഴെത്തട്ടിലുള്ള (മനുഷ്യനെ 'ഉയർന്ന' എന്ന വിശേഷണത്തിനർഹനാക്കുന്ന പ്രത്യേകതകളൊന്നുമില്ലെങ്കിൽ ഡോക്ടറെന്തിനാണോവോ 'താഴെ തട്ടിലുള്ള' എന്ന് പ്രയോഗിച്ചത്) ബാക്ടീരിയയിലും മനുഷ്യരിലുമുള്ള രാസപ്രവർത്തനങ്ങൾ ഒന്നു തന്നെയാവാം. പ്യൂരിനും പീരറ്റിഡൈനും റൈബോസ്/ഡീ ഓക്സിറൈബോസും പഞ്ചസാരയും ഫോസ്ഫേറ്റും മറ്റ് രാസവസ്തുക്കളുമൊക്കെത്തന്നെയാണ് ശരീരഘടനയും സവിശേഷതകളുമൊക്കെ രൂപപ്പെടുത്തുന്നത്. എന്നാൽ അതുകൊണ്ടു മാത്രം മനുഷ്യന് യാതൊരു പ്രത്യേകതകളുമില്ലെന്ന വാദം, പ്രപഞ്ചത്തിനു പിന്നിൽ ഭൗതികാതീതമായ യാതൊന്നുമില്ലെന്ന ആശയത്തിന്റെ വീക്ഷണ പരിമിതിക്കുദാഹരണമത്രേ.

മനുഷ്യൻ യാതൊരു സവിശേഷതയുമില്ലാത്ത ജീവിയാണെങ്കിൽ, ഡോക്ടറുടെ 'ശാസ്ത്ര' യുക്തിയനുസരിച്ച് ഇല്ലാത്ത ഒരു ദൈവത്തെ സങ്കൽപിക്കാനും ആ സങ്കൽപത്തെ ആധാരമാക്കി മാനസികവും ഭൗതികവുമായ ശേഷികളെ വികസിപ്പിക്കാനും സ്വാഭാവിക മൃഗീയ വാസനകൾക്കു നേരെ സംയമനം പാലിക്കാനുമൊക്കെ ഇതെഴുതുന്നയാൾക്കെങ്ങനെ സാധിക്കുന്നു? അഥവാ ഇതെഴുതുന്നയാളിന്റെ വാദമാണ് ശരിയെങ്കിൽ, അതുപ്രകാരം ഒരു യാഥാർഥ്യമായ ഈശ്വരനെ നിഷേധിക്കാനും ആ നിഷേധത്തിന് തെളിവുകൾ സമർപ്പിക്കാനും ഡോക്ടർക്ക് സാധിക്കുന്നതെങ്ങനെ? ഇത്തരം സംവാദങ്ങൾ മറ്റു ജീവജാലങ്ങൾ നടത്താറില്ല.



ഇതിന്റെ അടിസ്ഥാനം മനുഷ്യന്റെ കേവല ഭൗതികമായ എന്തെങ്കിലും പ്രേരണ പോലുമല്ല.

യഥാർഥത്തിൽ മൊത്തം ജീവി-അജീവി ലോകത്തിനു തന്നെയും പദാർഥ വാദ വ്യാഖ്യാനങ്ങൾക്ക് വഴങ്ങാത്ത വിശേഷതകളുണ്ട്. മനുഷ്യനാകട്ടെ, ആ നിലക്ക് മൗലികമായ സവിശേഷതകളുമുണ്ട്. ബൗദ്ധികമായ കഴിവുകൾ ആവശ്യാനുസൃതം എല്ലാ ജീവികൾക്കുമുണ്ടാകാമെങ്കിലും മനുഷ്യന് വിവേചനശേഷിയും ചിന്താശക്തിയുമുണ്ട്. മനുഷ്യന്റെയോ മറ്റു ജന്തുക്കളുടെയോ ബൗദ്ധികശേഷികളുടെ ഉറവിടം, വികാസം എന്നിവയെ മസ്തിഷ്കത്തിന്റെ രാസഘടന വെച്ച് പൂർണമായും വിശദീകരിക്കാൻ പറ്റുമോ? മാനസിക പ്രേരണകൾ, ചിന്ത, വികാരങ്ങൾ, തീരുമാനശേഷി തുടങ്ങിയവയുമായി ബന്ധപ്പെട്ട മനുഷ്യസവിശേഷതകൾക്കാധാരമെന്ത്? തികച്ചും സ്വാഭാവികവും പ്രകൃതിപരവുമായ തൃഷ്ണകൾക്കും വാസനകൾക്കും നേരെ, അവക്ക് കീഴടങ്ങാൻ എന്നതുപോലെ തന്നെ സംയമനം പാലിക്കാനും മനുഷ്യന് കഴിയുന്നതെന്തുകൊണ്ട്?

കായികമായും മാനസികമായും വ്യത്യസ്ത ജന്തുക്കൾക്ക് വ്യത്യസ്ത സവിശേഷതകളുണ്ട്. മനുഷ്യനാകട്ടെ, മഹത്തരമായ ആത്മീയ വികാസശേഷിയും ചിന്താശക്തിയും മറ്റു പ്രത്യേകതകളുമുണ്ട്. കേവലമായ പദാർഥ വീക്ഷണത്തിൽ മനുഷ്യന്റെ സവിശേഷതകൾ കണ്ടെത്തുക പ്രയാസം തന്നെയാകുന്നു. മനുഷ്യനിലെ ആധ്യാത്മിക ശക്തിയും അവന്റെ അടിസ്ഥാന പ്രകൃതമായ ധാർമികാഭിമുഖ്യവുമൊന്നും തിരിച്ചറിയാത്തതാണ് സാത്താനു പറ്റിയ തെറ്റെന്ന് ഖുർആൻ പഠിപ്പിക്കുന്നുണ്ട്. മനുഷ്യനെ വെറും മണ്ണായിട്ടാണ് സാത്താൻ കാണുന്നത്. മനുഷ്യന്റെ ബൗദ്ധിക സവിശേഷതകളുടെയും മാനസിക പ്രേരണകളുടെയും ഉറവിടമെന്ത്? മസ്തിഷ്കം, ഹൃദയം തുടങ്ങിയ ശരീരാവയവങ്ങളോ? താൻസെന്റെയും ബീഥോവന്റെയും സംഗീതവും റാഫേലിന്റെയും പിക്കാസോവിന്റെയും ചിത്രങ്ങളും ഉമർ ഖയ്യാമിന്റെയും ഖുസ്രുവിന്റെയും കവിതകളുമൊക്കെ എവിടെ നിന്നാണുണ്ടാവുന്നത്?

ഈ പ്രപഞ്ചത്തിന്റെ തന്നെ സൂക്ഷ്മരൂപമായി മനുഷ്യനെ വിലയിരുത്താറുണ്ട്. പ്രപഞ്ചത്തിന് അഥവാ പ്രകൃതിക്കുതന്നെയും ശാസ്ത്രത്തിന്റെ അളവുകോലുകൾക്ക് വഴങ്ങാത്ത തലങ്ങളുണ്ട്. അതിന് ശാസ്ത്രയുക്തിയിൽ തെളിവന്വേഷിക്കുന്നതിലർഥമില്ല. അനുഭവം, അവബോധം എന്നിവയുടെ വികാസമാണുണ്ടാകേണ്ടത്. മനുഷ്യനിലുമുണ്ട് ഇത്തരം തലങ്ങൾ. മനുഷ്യനെക്കുറിച്ച സമ്പൂർണമായ അറിവിനും അവബോധത്തിനും ശാസ്ത്ര രീതികൾ മാത്രം മതിയാവില്ല. ഡി.എൻ.എയുടെ രാസകോഡ് വായിച്ചാൽ മനുഷ്യനെ നിർവചിക്കാൻ കഴിയില്ല. ചിന്തയും വികാരവുമെന്നത് രക്തവും പിത്തനീരും പോലെ ഭൗതികമല്ല.

**പരിണാമമാണ് ജീവിവർഗങ്ങളുടെ (മനുഷ്യന്റെയും) ഉൽപത്തിക്ക് നിദാനമെങ്കിൽ മനുഷ്യ പൂർവിക ജീവി വർഗത്തിൽപെട്ട (അതേതെന്നതിനു പോലും പൂർണമായും തൃപ്തികരമായ ഒരുത്തരമുണ്ടോ?) ഒരൊറ്റ സ്ത്രീ മാത്രം, അല്ലെങ്കിൽ ഒരു സ്ത്രീയും ഒരു പുരുഷനും മാത്രം പരിണമിച്ചു മനുഷ്യനായെന്നോ? ആദിയിൽ ദൈവകൽപന പ്രകാരം ഒരേ സ്വത്വത്തിൽനിന്ന് രൂപം കൊണ്ട സ്ത്രീ പുരുഷ ജോടിയിൽനിന്ന് മനുഷ്യ പരമ്പരകൾ ജന്മമെടുത്തുവെന്ന മതപാഠം ഇപ്പറഞ്ഞ വാദത്തേക്കാൾ യുക്തിഹീനമാകുന്നതെങ്ങനെ?**

വിശ്വാസിയായ ഒരു മസ്തിഷ്ക ശസ്ത്രക്രിയാ വിദഗ്ധ നോട് അവിശ്വാസിയായ ഒരു ബഹിരാകാശ സഞ്ചാരി പഞ്ഞു: "ഞാൻ പലവട്ടം ശൂന്യാകാശത്ത് പോയിട്ടുണ്ട്. ഒരിക്കൽ പോലും ദൈവത്തെയോ മാലാഖമാരെയോ കണ്ടിട്ടില്ല". സർജൻ മറുപടി പറഞ്ഞു: "നല്ല ബുദ്ധിശക്തിയുള്ള പലരു ടെയും തലച്ചോറിൽ ഞാൻ ശസ്ത്രക്രിയ ചെയ്തിട്ടുണ്ട്. ഒരു ചിന്ത പോലും കണ്ടെത്താൻ ഇതുവരെ കഴിഞ്ഞിട്ടില്ല."

മനുഷ്യനെയും പ്രകൃതിയെയും പൂർണമായറിയാൻ- അതിന്റെ അഭൗമതലമുൾപ്പെടെ- കേവല ശാസ്ത്ര മാനദണ്ഡ ങ്ങൾ അപര്യാപ്തമത്രെ.

*അഞ്ച്: ദൈവം മുൻ നിശ്ചയിച്ച രൂപത്തിൽ മനുഷ്യനെ സൃഷ്ടിച്ചു ഭൂമിയിൽ വിട്ടു എന്ന വിശ്വാസം സത്യമല്ലെന്ന് സ്പഷ്ടമല്ലേ? പരിണാമ പ്രക്രിയയിലൂടെ രൂപപ്പെട്ട മനുഷ്യ ജാതിയിൽ ഇന്നു ലോകത്തുള്ള സർവരും രണ്ട് ദശലക്ഷം വർഷങ്ങൾക്കു മുമ്പ് ആഫ്രിക്കയിൽ ജീവിച്ചിരുന്ന ഒരൊറ്റ സ്ത്രീയുടെ (ഒരൊറ്റ പുരുഷന്റെയല്ല) സന്തതിപരമ്പരയിൽ പെട്ട വരാണ്.*

= ദൈവം അവന്റെ നിശ്ചയപ്രകാരം സൃഷ്ടിച്ചു എന്ന വിശ്വാസം സത്യമല്ലെന്ന് ശാസ്ത്രീയമായി തികച്ചും സ്പഷ്ട മാകുന്നതെങ്ങനെയാണ്? ഒന്നാമത്, പ്രപഞ്ചത്തിന്റെ പദാർഥിക തലമല്ലാതെ അഭൗതികതലം ശാസ്ത്രത്തിന്റെ അന്വേഷണ ത്തിന് വിധേയമോ വിഷയമോ അല്ല. രണ്ടാമത്, ശാസ്ത്രത്തിന്റെ ഇപ്പോഴത്തെ നിഗമനംവെച്ച് 'ഇത്രയേയുള്ളൂ. ഇതിനപ്പുറമൊ ന്നുമില്ല' എന്നു പറയുന്നത് ശാസ്ത്രത്തിനു തന്നെ സമ്മതവു മല്ല. ശേഷം വന്ന പ്രശ്നം അതിനേക്കാൾ രസകരമായിരിക്കു ന്നു. മനുഷ്യോൽപത്തിയുടെ സ്ഥലവും കാലവും തികച്ചും കണിശമായി ഗണിച്ചെടുത്തതു പോട്ടെ, ഒരൊറ്റ സ്ത്രീയുടെ, ഒരൊറ്റ പുരുഷന്റെ അല്ല, സന്താനപരമ്പര എന്ന് ഉറപ്പു പറ യുകയും ചെയ്തിരിക്കുന്നു. എന്നു വെച്ചാൽ കന്യക ഗർഭം ധരിച്ചു പ്രസവിച്ചതാണെന്നോ? സന്തതി പരമ്പരയെ സ്ത്രീയു മായി മാത്രം ബന്ധപ്പെടുത്തിപ്പറയുന്നത് ആദിമദശയിൽ മനു ഷ്യൻ കുടുംബമായല്ലാതെ ജീവിക്കുകയും ഇണചേരുകയും ചെയ്തിരുന്നുവെന്ന വാദം സ്ഥാപിക്കാനാവാം. മനുഷ്യന്റെ കുടുംബ-ലൈംഗിക ചരിത്രത്തിൽ, ആദിമ ഘട്ടത്തിൽ ഇച്ഛാ നുസൃതവും വ്യവസ്ഥകൾക്ക് വിധേയമല്ലാത്തതുമായ ലൈംഗിക ബന്ധങ്ങളാണുണ്ടായിരുന്നതെന്ന് പൊതുവേ സാമൂഹിക ശാസ്ത്രജ്ഞന്മാർ വാദിക്കുന്നുണ്ട്. ഈയവസ്ഥയെ ഹെൻറി മോർഗൻ ക്രമരഹിത ലൈംഗിക ബന്ധം (Sexual Promiscuity) എന്നും യോഹാൻ ബചോഫൻ പൊതു ദാമ്പത്യ വ്യവസ്ഥ അഥവാ ഗണികാ സമ്പ്രദായം (Hetaerism) എന്നും വിളിച്ചു. ഈ സമയത്ത് മാതൃബന്ധം മാത്രമേ സ്ഥാപിതമായിരുന്നുള്ളൂ എന്നതിനാൽ ഒരു തരം സ്ത്രീ ആധിപത്യം (Gyrocracy) മറ്റൊരു വിധത്തിൽ പറഞ്ഞാൽ അഭിസാരികാധിപത്യം (Hataerocracy) നിലനിന്നിരുന്നുവത്രെ. ഇത്തരം സിദ്ധാന്തങ്ങ ളിൽ നിന്നാവാം ഒരൊറ്റ സ്ത്രീയുടെ എന്ന വാദം ഡോക്ടർ ഉന്നയിച്ചത്. എന്നാൽ ഇത്രയും പ്രാഥമികമായ ജീവിത ഘട്ടങ്ങ ളെക്കുറിച്ച അറിവ് ലഭിക്കുന്നത് തെളിവുകളിലൂടെയല്ലെന്നും, യുക്തിയിലൂടെയും ഊഹത്തിലൂടെയും മാത്രമാണെന്നും മോർഗൻ തന്നെ സമ്മതിക്കുന്നുണ്ട്. അതുകൊണ്ടുതന്നെ ഇത്തരം നിലപാടുകളെ നിരാകരിച്ച് മനുഷ്യന്റെ അടിസ്ഥാന സവിശേഷതകളായ ധർമബോധവും സംസ്കാരവും അതനു സരിച്ച സദാചാര ലൈംഗിക വ്യവസ്ഥകളും ഏറ്റവും ആദിമ ചരിത്രദശയിൽ നിലനിന്നിരുന്നുവെന്നും പിന്നീടാണ് വ്യതിയാ നമുണ്ടായതെന്നും സ്ഥാപിക്കുന്ന, മതത്തിന്റെയും വേദങ്ങളു ടെയും പാഠം തള്ളിക്കളയുന്നതിന് സ്ഥാപിതമായ തെളിവുക ളൊന്നുമുള്ളതായിട്ടറിവില്ല.

പ്രാഥമിക മനുഷ്യജീവിതത്തെക്കുറിച്ച ഇത്തരം സംവാ ദങ്ങൾ മാറ്റിവെച്ചാൽ പോലും ഒരൊറ്റ സ്ത്രീയുടെ മാത്രം എന്നു പറയുന്നതിന്റെ സാംഗത്യമെന്ത്? പുരുഷനുമായി ഇണചേരാതെ സ്ത്രീ പ്രസവിക്കില്ല. അപ്പോൾ ഒരു പുരുഷനും കൂടിയുണ്ടാവ ണം. ഈ രണ്ടു പേർ ആരിൽനിന്നുണ്ടായി? പരിണാമമാണ് ജീവിവർഗങ്ങളുടെ (മനുഷ്യന്റെയും) ഉൽപത്തിക്ക് നിദാനമെ ങ്കിൽ മനുഷ്യ പൂർവിക ജീവി വർഗത്തിൽപെട്ട (അതേതെന്ന തിനു പോലും പൂർണമായും തൃപ്തികരമായ ഒരുത്തരമുണ്ടോ?) ഒരൊറ്റ സ്ത്രീ മാത്രം, അല്ലെങ്കിൽ ഒരു സ്ത്രീയും ഒരു പുരു ഷനും മാത്രം പരിണമിച്ചു മനുഷ്യനായെന്നോ? ആദിയിൽ ദൈവകൽപന പ്രകാരം ഒരേ സ്വത്വത്തിൽനിന്ന് രൂപം കൊണ്ട സ്ത്രീ പുരുഷ ജോടിയിൽനിന്ന് മനുഷ്യ പരമ്പരകൾ ജന്മമെ ടുത്തുവെന്ന മതപാഠം ഇപ്പറഞ്ഞ വാദത്തേക്കാൾ യുക്തിഹീ നമാകുന്നതെങ്ങനെ? (തുടരും)